# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ /കെ എൻ ആർ /സി 7 /1073/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 22/10/2021
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരഞ്ഞോളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ /കെ എൻ ആർ /സി 7 /1073/2021 തീയ്യതി: 22/10/2021

## കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-01-2020 മുതൽ 05-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-09-2021 | 22-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-09-2021 | 22-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലതവാണി.എൻ.എൻ -ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ.ഷിജു.എ) - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ഉഷ.എ) - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീനാഥ്.വി - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എ.കെ.രമ്യ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ശ്രീമതി.എം.പി.ശ്രീഷ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ.മാത്യു.കെ.എം | സെക്രട്ടറി | 01-04-2020 | 04-02-2021 |
| ശ്രീമതി.ഷീജ.വി.എം | സെക്രട്ടറി | 05-02-2021 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.നീതു പ്രഭാകർ | കൃഷി ഓഫീസർ | 01-04-2020 | 20-02-2021 |
| ശ്രീമതി.ബിനിത.കെ.എൻ (ഇൻചാർജ്ജ്) | കൃഷി ഓഫീസർ | 21-02-2021 | 31-03-2021 |
| ഡോ.ദീപ.എ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 20-10-2020 |
| ഡോ.ദിവ്യ ബാലൻ | വെറ്ററിനറി സർജ്ജൻ | 21-10-2020 | 31-03-2021 |
| ഡോ.ബിജോയ്.സി.പി | മെഡിക്കൽ ഓഫീസർ(പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ.ഡിജോ ജോസ് .എം(ഇൻചാർജ്ജ്) | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീജേഷ്.ടി | വി ഇ ഒ (എരഞ്ഞോളി ) | 01-04-2020 | 31-03-2021 |
| ശ്രീ.ഷിബിൻ.ടി | വി ഇ ഒ (വടക്കുമ്പാട്) | 01-04-2020 | 31-03-2021 |
| ശ്രീമതി.സോന.എം.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 14-10-2020 |
| ശ്രീമതി.സൂര്യ.ഇ | ഐ സി ഡി എസ് സൂപ്പർവൈസർ | 15-10-2020 | 31-03-2021 |
| ശ്രീ.സന്തോഷ്.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീ.പ്രേമരാജൻ.പി.വി | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ശശീന്ദ്രൻ.പി.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി.അശ്വതി.കെ.ടി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 15-02-2021 |
| ശ്രീമതി.പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 16-02-2021 | 31-03-2021 |
| ശ്രീ.വിനോദൻ.കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 04-09-2020 |
| ശ്രീ.റിജുൽ രാജ് | ഫിഷറീസ് സബ് | 05-09-2020 | 16-01-2021 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ശ്രീമതി.സരിത.കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 17-01-2021 | 31-03-2021 |

ശ്രീ.മാത്യു.കെ.എം -സെക്രട്ടറി ,ശ്രീ.സന്തോഷ്.പി -അസിസ്റ്റന്റ് എഞ്ചിനിയർ & ശ്രീമതി.നീതു പ്രഭാകർ -കൃഷി ഓഫീസർ എന്നി ഉദ്യോഗസ്ഥരെ 12.11.2020 മുതൽ 29.12.2020 വരെ ഭരണ നിർവ്വഹണ കമ്മിറ്റി അംഗങ്ങളായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-2 |
| 3 | ചെലവ് തെറ്റായ ഹെഡിൽ ചേർത്തു<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-2-1 |
| 4 | മുൻകൂർ തിരിച്ചടച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-2-2 |
| 5 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ലാതെ തുടരുന്നു<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-2-3 |
| 6 | ചെലവാകാത്ത തുക തിരിച്ചടച്ചിട്ടില്ല<br>Written By: Lathavani (Audit Officer, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-2-4 |
| 7 | സാമ്പത്തിക വിശകലനം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-10-2021) | 1-3 |
| 8 | ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-4 |
| 9 | പദ്ധതി അവലോകനം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Usha.A (Asst. Audit Officer, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-7 |
| 12 | വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-7-1 |
| 13 | കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-7-2 |
| 14 | അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-7-3 |
| 15 | ഡിസബിലിറ്റി പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-7-4 |
| 16 | വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-7-5 |
| 17 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | |
| 18 | ആഭ്യന്തര നിയന്ത്രണം<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-9 |
| 19 | ഗ്രാമ സഭ<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-10 |
| 20 | കമ്മിറ്റി<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-11 |
| 21 | നിഷ്ക്രിയമായ ദുരിതാശ്വാസ നിധി<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-12 |
| 22 | ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-13 |
| 23 | 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-14 |
| 24 | മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകി<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-15 |
| 25 | ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചത്<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-16 |
| 26 | 12 ചതുരശ്ര മീറ്ററിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -നടപടികൾ സ്വീകരിക്കേണ്ടത്<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-17 |
| 27 | വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല<br>Written By: SREENATH V (Auditor, On 23-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-18 |
| 28 | കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത<br>Written By: SREENATH V (Auditor, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-19 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-20 |
| 30 | എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-21 |
| 31 | എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-22 |
| 32 | മോട്ടോർ റണ്ണിങ്ങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-23 |
| 33 | ഇ-ടെണ്ടർ- ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല | 1-24 |

| | | |
|---|---|---|
| | Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | |
| 34 | IKMന് കോൺട്രിബ്യൂഷൻ നൽകൽ - അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-25 |
| 35 | തെരുവ് വിളക്കിന് ലൈൻ വലിക്കൽ -അപാകതകൾ<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-10-2021) | 1-26 |
| 36 | കൃഷി ഓഫീസർ - പദ്ധതി അവലോകനം<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 21-10-2021) | 1-27 |
| 37 | വെറ്റിനറി സർജൻ പദ്ധതി അവലോകനം<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-28 |
| 38 | എസ് എൻ പുരം കുടിവെള്ള പദ്ധതി പുനരുദ്ധാരണം- പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കേണ്ടതാണ് .<br>Written By: Usha.A (Asst. Audit Officer, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-29 |
| 39 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത്<br>Written By: Shiju A (Asst. Audit Officer, On 12-10-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 1-30 |
| 40 | എയിഡഡ് എൽ പി / യു പി സ്കൂളുകളുകൾക്ക് ടോയിലറ്റ് നിർമ്മാണം -അപാകങ്ങൾ -₹759960 തടസ്സപ്പെടുത്തുന്നു<br>Written By: Usha.A (Asst. Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-31 |
| 41 | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ഡോക്ടർക്ക് വേതനം- രേഖകൾ ലഭ്യമാക്കിയില്ല. 20,800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Shiju A (Asst. Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-32 |
| 42 | എസ് എസ് എ വിഹിതം നൽകൽ - 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: SREENATH V (Auditor, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-33 |
| 43 | സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ചു നൽകിയത് - സ്ഥലം ഉടമയുമായി കരാർ ചമച്ചിട്ടില്ല .<br>Written By: Usha.A (Asst. Audit Officer, On 21-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Lathavani (Audit Officer, On 20-09-2021) | 4-4 |
| 5 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: Lathavani (Audit Officer, On 20-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Lathavani (Audit Officer, On 20-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Lathavani (Audit Officer, On 22-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 4-10 |
| 11 | ഓഡിറ്റ് ഇംപാക്റ്റ്<br>Written By: SREENATH V (Auditor, On 23-09-2021)<br>Last Updated By: PREETHA.P.V (Computer Assistant, On 20-10-2021) | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്<br>Written By: Lathavani (Audit Officer, On 22-09-2021)<br>Last Updated By: Pramodan Anchantavida (Computer Assistant, On 22-10-2021) | 4-12 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| ഭരണ സമിതിതീരുമാനം നമ്പർ/തീയ്യതി | 58/2020 Dt. 25.03.2020 | |
| പുതുക്കിയ തീരുമാനം നമ്പർ , തീയ്യതി | 20/2021 Dt.05.02.2021 | |
| ഇനം | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ്പ്രകാരം |
| മുന്നിരിപ്പ് | 8125437.19 | 20681085 |
| വരവ് | 127356103 | 150839644 |
| ആകെ | 135481540.19 | 171520729 |
| ചെലവ് | 130636024 | 166981743 |
| നീക്കിയിരിപ്പ് | 4845516.19 | 4538986 |

ബജറ്റ് പ്രൊപ്പോസലുകൾ ആവശ്യപ്പെടുന്നതിലും സമർപ്പിക്കുന്നതിലും, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളും ,ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ പരിശോധിക്കുന്നതിലും,അംഗീകരിക്കുന്നതിലും ബജറ്റ് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട സ്ഥാപനമേധാവികളുടെ യോഗത്തിൽ സെക്രട്ടറിയും ഐ സിഡി എസ് സൂപ്പർവൈസറും മാത്രമെ പങ്കെടുത്തിട്ടുള്ളൂ. ബജറ്റ് പ്രസംഗം അവതരിപ്പിച്ചിട്ടുണ്ട്. എന്നാൽ പെർഫോർമൻസ് ബജറ്റ് &ജൻഡർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. GO(Rt) 3291/16 LSGD തീയതി 2.12.2016 ബജറ്റ് മാനുവൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

## 1-2 വാർഷിക ധനകാര്യ പത്രിക

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 26.04.2021 ലെ 58/2021 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.2021 | 07.05.2021 | തിരിച്ചയച്ചിട്ടില്ല |

### 1-2-1 ചെലവ് തെറ്റായ ഹെഡിൽ ചേർത്തു

1-ഹഡ്കോ ലോൺ നീക്കിയിരിപ്പ് രജിസ്റ്റർ പ്രകാരമുള്ളതും വാർഷിക ധനകാര്യ പത്രികയിലെ B-5 ഷെഡ്യൂൾ പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ലൈഫ് (എസ് സി പി)യിൽ ക്രമീകരിച്ച തുക 14,627 Secured Loan - Loan From K U R D F C എന്ന ഹെഡിൽ ക്രമീകരിക്കേണ്ടതിന് പകരം Housing & House Electrification—Loan Repayment -S C Pഎന്ന ഹെഡിലാണ് ക്രമീകരിച്ചത്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് നിലവിൽ ക്രമീകരിച്ചിട്ടുണ്ട്.

2-പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുടിവെള്ളപൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്കായി K W A ക്ക് 10 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തു.ആയത് മുൻകൂർ എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താതെ, വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുമ്പ് കുടിവെള്ളപൈപ്പ് ലൈൻ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുത്തി.

3-കുടിവെള്ള വിതരണം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നീ പ്രോജക്ട് ചെലവുകൾ I-14(A) സർവ്വീസ് സെക്ടർ ഷെഡ്യൂളിൽ ഉൾപ്പെടുത്തേണ്ടതിന് പകരം I-14(C) - "മേഖല വിഭജനത്തിൽ ഉൾപ്പെടാത്ത " ഷെഡ്യൂളിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-2-2 മുൻകൂർ തിരിച്ചടച്ചിട്ടില്ല

12.07.2017 ന് സിഡിഎസിന് കുടുംബശ്രീ ജില്ലാമിഷനിൽ നിന്നും നൽകിയ മുൻകൂർ 3,04,361 രൂപയിൽ 1,59,534 ആശ്രയ ചാലഞ്ച് ഫണ്ടും 144827 രൂപ കുടുംബശ്രീ കമ്പ്യൂട്ടർ വാങ്ങൽ ഫണ്ടുമാണ്. ആശ്രയ ചാലഞ്ച് ഫണ്ട് വിനിയോഗം തുടരുന്നുണ്ടെങ്കിലും, സ്ഥല പരിമിതി കാരണം കൂടുതൽ കമ്പ്യൂട്ടർ വാങ്ങാൻകഴിയാത്തതിനാൽ കമ്പ്യൂട്ടർ വാങ്ങൽ ഫണ്ട് ഇതുവരെയും ചെലവഴിച്ചിട്ടില്ല .ക്രമീകരിക്കാത്ത തുക തിരിച്ചടച്ചിട്ടില്ല

## 1-2-3 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയിൽ മാറ്റമില്ലാതെ തുടരുന്നു

1-ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല. B- 3ഷെഡ്യൂളിൽ കാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ മുൻവർഷത്തെ തുക തന്നെ ആവർത്തിച്ചിരിക്കുന്നു.

2-ആസ്തി രജിസ്റ്ററിൽ ആസ്തിയുടെ മൂല്യം ചേർക്കുന്നില്ല. അതിനാൽ ആസ്തി രജിസ്റ്റർ B-11 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുന്നില്ല

## 1-2-4 ചെലവാകാത്ത തുക തിരിച്ചടച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ നീക്കിയിരിപ്പുള്ള തുക ₹1,85,700 ജീവധാര ഇനത്തിലുള്ള തുക₹ 1,588 എന്നിവ മുൻവർഷങ്ങളിൽ നീക്കിയിരിപ്പുള്ളതാണ്. തുക ചെലവഴിക്കുകയോ തിരിച്ചടക്കുകയോ ചെയ്തിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | തുക (രൂപ ) |
|---|---|
| മുന്നിരിപ്പ് | 1,92,73,888.28 |
| ഓഡിറ്റ് വർഷത്തെ വരവ് | 6,43,32,460.00 |
| ആകെ | 8,36,06,348.28 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 6,37,62,568.00 |
| നീക്കിയിരിപ്പ് | 1,98,43,780.28 |
| വരവിനങ്ങളിലെ നഷ്ടം/ | 2,800 |
| ചെലവിനങ്ങളിലെ നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,80,760 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് ലഭിച്ചത് | ആകെ | ചെലവ് | ക്യൂബിൽ | ലാപ്സ്/ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ ) | | 1,16,97,750 | 1,16,97,750 | 1,16,97,750 | 0 | 0 |
| വികസന ഫണ്ട് (എസ് സി പി ) | | 9,87,801 | 9,87,801 | 9,18,790 | | 69,011 |
| മെയിന്റനൻസ് ഫണ്ട്(റോഡ് ) | | 77,38,000 | 77,38,000 | 77,38,000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട്(റോഡിതരം ) | | 34,87,000 | 34,87,000 | 34,87,000 | 0 | 0 |
| സെൻട്രൽ ഫിനാൻസ് | | 83,54,005 | 83,54,005 | 79,39,215 | | 4,14,790 |

| | | | | | | |
|---|---|---|---|---|---|---|
| കമ്മീഷൻ ഗ്രാന്റ്-ബേസിക്ക് | | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-ടൈഡ് | | 45,50,000 | 45,50,000 | 28,06,797 | 0 | 17,43,203 |
| കേന്ദ്രാവിഷ്കൃത വിഹിതം | | | | | | |
| ഐസി ഡിഎസ് | 2,15,231 | 8,12,731 | 10,27,962 | 9,00,000 | | 1,27,962 |
| പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് | | 23,35,072 | 23,35,072 | 6,08,598 | 0 | 17,26,474 |
| എം പി ഫണ്ട് | 72,816 | 2,320 | 75,136 | 90 | | 75,046 |
| ശുചിത്വം -എം സി എഫ് ബിൽഡിംഗ് | 0 | 14,80,000 | 14,80,000 | 12,30,901 | 0 | 2,49,099 |
| ശുചിത്വം -മഴക്കാല പൂർവ്വ ശുചീകരണം | 0 | 2,51,772 | 2,51,772 | 96,772 | 0 | 1,55,000 |
| ശുചിത്വം - മഴക്കാല പൂർവ്വ ശുചീകരണം | 3,02,039 | | 3,02,039 | 1,97,708 | | 1,04,331 |
| ശുചിത്വം -ടോയ്ലറ്റ് നിർമ്മാണം | 12,000 | 0 | 12,000 | 0 | | 12,000 |
| ആരോഗ്യ ഇൻഷുറൻസ് പുതുക്കൽ | 3250 | 0 | 3250 | 0 | | 3250 |
| സംസ്ഥാനാവിഷ്കൃത വരവുകൾ | | | | | | |
| കുടുംബശ്രീ-ബഡ്സ് റീഹാബിലേറ്റഷൻ സെന്റർ | 0 | 2,00,000 | 2,00,000 | 0 | | 2,00,000 |
| സാക്ഷരത | 1,42,699.20 | 5765 | 148464.20 | 0 | | 148,464.20 |
| സ്പെസിഫിക് പർപസ് ഗ്രാന്റ് -ബൂത്ത് ക്രമീകരണം | 0 | 46,500 | 46,500 | 46,500 | | 0 |
| സ്പെസിഫിക് പർപസ് ഗ്രാന്റ് -അംഗൻവാടി ബോർഡ് സ്ഥാപിക്കൽ | 0 | 39,000 | 39,000 | 0 | | 39,000 |
| സ്പെസിഫിക് പർപസ് ഗ്രാന്റ് -കില പരിശീലനം | 0 | 26,050 | 26,050 | 26,050 | | 0 |

| | | | | | | |
|---|---|---|---|---|---|---|
| വിമുക്തി | 35,100 | 0 | 35,100 | 0 | | 35,100 |
| ജീവ ധാര | 1588 | 0 | 1588 | 0 | | 1588 |
| കേരളോത്സവം | 15,000 | 0 | 15,000 | 0 | | 15,000 |
| ദുരിതാശ്വാസ നിധി | 44512 | 1799 | 46,311 | 0 | | 46,311 |
| ഗുണഭോക്തൃ വിഹിതം | 19,924 | 16,42,826 | 16,62,750 | 15,78,160 | 50 ( തിരിച്ചടച്ചത് ) | 84,540 |

IKM ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ കണക്കുകൾ തയ്യാറാക്കിയത് പഞ്ചായത്തിലെ രജിസ്റ്ററും അനുബന്ധ രേഖകളും അടിസ്ഥാനമാക്കിയാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ 100% ചെലവഴിച്ചത് അഭിനന്ദനാർഹമാണ്. എന്നാൽ സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ,വികസന ഫണ്ട് എസ് സി പി എന്നിവ ഈ ലക്ഷ്യം കൈവരിച്ചിട്ടില്ല. ടൈഡ് ഫണ്ട് 62% മാത്രമേ ചെലവാക്കിയിട്ടുള്ളൂ. പെർഫോർമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് തുക ലഭിച്ചതിന്റെ 26% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഇ പേ അക്കൗണ്ടിലൂടെയാണ് ഇടപാട് നടത്തിയിട്ടുള്ളത്. ഇത് കറണ്ട് അക്കൗണ്ട് ആയതിനാൽ പലിശ ലഭിക്കാത്തതിനാൽ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റാൻ തീരുമാനമെടുത്തിട്ടുണ്ടെങ്കിലും (തീരുമാനം 25/21 1dt 18.3.21) മാറ്റിയിട്ടില്ല . മഴക്കാല പൂർവ്വ ശുചീകരണത്തിൽ മുൻവർഷത്തേത് ഉൾപ്പെടെ 2.59 ലക്ഷം നീക്കിയിരിപ്പുണ്ട്. കേന്ദ്ര -സംസ്ഥാന സർക്കാരുകളിൽ നിന്നും കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിക്കാത്ത പക്ഷം തിരിച്ചടക്കേണ്ടതാണ്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | അടങ്കൽ | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | ചെലവ് | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 177 | 154 | 7,59,86,159 | 133 | 21 | 23 | 4,66,99,270 | 75 |

| ക്രമ നമ്പർ | | പദ്ധതി അടങ്കൽ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | പദ്ധതി ചെലവ് | ചെലവഴിച്ച പദ്ധതികളുടെ എണ്ണം |
|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 2819702 | 15 | 2518358 | 14 |
| 2 | വെറ്റിനറി സർജൻ | 1543968 | 10 | 1534869 | 10 |
| 3 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | 17,80,000 | 7 | 1625397 | 7 |
| 4 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 500000 | 1 | 500000 | 1 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (എരഞ്ഞോളി) | 3682161 | 11 | 1828491 | 8 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വടക്കുമ്പാട്) | 8404252 | 9 | 2450810 | 8 |
| 7 | ഐ.സി.ഡി.എസ് | 4602295 | 4 | 3870994 | 4 |

| | | | | | |
|---|---|---|---|---|---|
| | സൂപ്പർവൈസർ | | | | |
| 8 | സെക്രട്ടറി | 17449272 | 35 | 6618244 | 30 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 29990799 | 71 | 22013475 | 61 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 2007750 | 8 | 1438719 | 6 |
| 11 | ഹെഡ് മാസ്റ്റർ, വടക്കുമ്പാട് എച്ച് എസ് | 540000 | 2 | 500000 | 1 |
| 12 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1782000 | 2 | 1307933 | 2 |
| 13 | ഡയറി ഫാം ഇൻസ്പെക്ടർ | 883960 | 2 | 491980 | 2 |
| | ആകെ | 7,59,86,159 | 177 | 4,66,99,270 | 154 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടച്ചത് | ബാക്കി |
|---|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 296773.89 | 524784.00 | 821557.89 | 814785 | 5775 | 997.89 |
| തൊഴിലാളികളുടെ കൂലി | | 10633000 | 10633000 | 10633000 | | |

2020 -2021 വർഷം ആക്ഷൻ പ്ലാൻ പ്രകാരം 651 പ്രവൃത്തികൾക്ക് അംഗീകാരം കിട്ടിയതിൽ 89 നടപ്പിലാക്കിയതിൽ 66 എണ്ണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2020 -2021 വർഷം ആകെ 25223 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തൻവർഷം 159 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ അനുവദിക്കാനും സാധിച്ചിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2086800 | 150 |
| തൊഴിൽരഹിത വേതനം | 720 | 1 |
| വിധവാ പെൻഷൻ | 15399700 | 1081 |
| വാർദ്ധക്യകാല പെൻഷൻ | 32425200 | 2435 |
| വികലാംഗ പെൻഷൻ | 4070400 | 272 |
| അവിവാഹിത പെൻഷൻ | 5974900 | 402 |
| വിവാഹ ധനസഹായം | 660000 | 22 |

### 1-7-1 വാർദ്ധക്യകാല പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ

,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| ശാരദ വി | 750873727430 | 111460202028 | 16.6.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 1/21വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| രഘു കെ | 969498904469 | 111460202753 | 1.7.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| കാർത്ത്യായനി.പി.പി (ന്യൂ മാഹി ഗ്രാമ പഞ്ചായത്ത്) | 969766599432 | 111530200295 | 5.7.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| രോഹിണി പുതുശ്ശേരി | 568264128011 | 111460200614 | 4.9.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| സുരേന്ദ്രൻ .എം | 615770739278 | 111460201859 | 10.9.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 4/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ദാസൻ.കെ | 765671759443 | 111460200244 | 12.10.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ചന്ദ്രൻ എൻ | 854774819676 | 111460200844 | 28.10.2020 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ | 2/21 വരെ പെൻഷൻ അക്കൗണ്ടിൽ |

| | | | | | |
|---|---|---|---|---|---|
| | | | | കാല പെൻഷൻ | ക്രെഡിറ്റ് ചെയ്തു |
| കാർത്ത്യായനിഅമ്മ.എം | 750008789606 | 111460201037 | 18.1.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| രാജൻ ടി | 927081461957 | 111460202064 | 12.3.2021 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടെന്നും, ശാരദ.വി, സുരേന്ദ്രൻ.എം, ചന്ദ്രൻ.എൻ എന്നവരുടെ മരണശേഷം ബാങ്ക് അക്കൗണ്ടിലേക്ക് അധികമായി അടച്ച തുക തിരിച്ചടക്കുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും എന്നാൽ ബാങ്ക് തുക തിരിച്ചടച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല എന്നും ,മരണമടഞ്ഞ മറ്റ് പെൻഷനറുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം 1 1 തീയതി 15.09.2021 ) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്. തലശ്ശേരി മുനിസിപ്പാലിറ്റിയിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്ന മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന് തലശ്ശേരി മുനിസിപ്പാലിറ്റിയെ രേഖാമൂലം അറിയിക്കുമെന്നും മറുപടി നൽകിയിട്ടുണ്ട്

## 1-7-2 കർഷക തൊഴിലാളി പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| കൗസല്യ | 549975626490 | 111460100122 | 19.5.2020 | കർഷക തൊഴിലാളി പെൻഷൻ) | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| സരോജിനി .സി.പി | 773307953579 | 2220364584 | 28.9.2020 | കർഷക തൊഴിലാളി പെൻഷൻ | 10/20 ലും പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടെന്നും, മരണമടഞ്ഞ ഇവരുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം 1 1 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-7-3 അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| ശ്രീമതി കെ. | 993770042996 | 111460500263 | 27.2.2020 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |
| ഷീല.കെ.വി പാട്യം ഗ്രാമ പഞ്ചായത്ത് | 275729678009 | 111610500117 | 1.12.2020 | 50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ചവരുടെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടെന്നും, മരണമടഞ്ഞ ഇവരുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം 11 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-7-4 ഡിസബിലിറ്റി പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| [illegible] | 453431065035 | 111460400050 | 24.1.2020 | | |

| | | | | | |
|---|---|---|---|---|---|
| പ്രഭാകരൻ | 452431065025 | 111460400050 | 24.1.2020 | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടെന്നും , മരണമടഞ്ഞ ഇവരുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം 1 1 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-7-5 വിധവ പെൻഷൻ വിതരണത്തിലെ അപാകങ്ങൾ

ഡെത്ത് രജിസ്ട്രേഷൻ സമയത്ത് എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ ,താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെട്ടതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

| പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ |
|---|---|---|---|---|---|
| പി.കെ.ലക്ഷ്മി | 296484020227 | 111460600352 | 22.12.2020 | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 8/21 വരെ പെൻഷൻ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു |

മേൽ പരാമർശിച്ച ഗുണഭോക്താവിന്റെ പെൻഷൻ സസ്പെൻഡ്ചെയ്തിട്ടുണ്ടെന്നും, മരണമടഞ്ഞ ഇവരുടെ അക്കൗണ്ടിലേക്ക് അധികം അക്കൗണ്ട് ചെയ്ത രൂപ തിരിച്ചടക്കുന്നതിനു ഓഡിറ്റ് എൻക്വയറി നൽകിയതിനെ (നം 1 1 തീയതി 15.09.2021) തുടർന്ന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. മുഴുവൻ പെൻഷനർമാരുടെയും ലിസ്റ്റ് പരിശോധനക്ക് വിധേയമാക്കി മരണപ്പെട്ട ഗുണഭോക്താക്കളെ ഡാറ്റാ ബേസിൽ നിന്ന് ഒഴിവാക്കേണ്ടതും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.09.2021 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 24,541രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

2020-21 വർഷം കോവിഡ് 19 മഹാമാരി ഭീഷണി നിലനിൽക്കുന്ന സാഹചര്യമായതിനാൽ, ഓഫീസ് മീറ്റിംഗ് പ്രതിമാസം ചേർന്നിട്ടില്ല. പുതുതായി തെരഞ്ഞെടുത്ത പ്രസിഡണ്ട് ഉൾപ്പെട്ട സ്റ്റാഫ് മീറ്റിംഗ് 15.02.2021 ന് കൂടിയിട്ടുണ്ട്. മീറ്റിംഗ് മിനുട്ടസ് കൃത്യമായി എഴുതുന്നുണ്ട്. സേവന പുസ്തകത്തിൽ മെമ്മോറാണ്ടം ഓഫ് സർവ്വീസ് വെരിഫിക്കേഷൻ നടത്തി കാലികമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. പുതിയ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി പഞ്ചായത്ത് അധീനതയിലുള്ള ഗ്രൗണ്ടുകൾ വാടകക്ക് നൽകുന്നതിനാവശ്യമായ തുക നിശ്ചയിക്കുന്നതിന് ആവശ്യമായ ബൈലോ നിർമ്മിക്കുന്നതിനായി സെക്രട്ടറിയോടും ഭരണസമിതിയോടും ശുപാർശ ചെയ്യാൻ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ

പെർഫോർമൻസ് ഇൻസെന്റീവ് ഗ്രാന്റ് പലിശ ലഭിക്കാത്ത കറണ്ട് അക്കൗണ്ടിൽ നിന്നും മാറ്റാൻ തീരുമാനിച്ചിട്ടുണ്ട്. ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ചിട്ടില്ല.ദുരന്ത നിവാരണ കമ്മിറ്റി, പദ്ധതി രേഖ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. സാമൂഹ്യസുരക്ഷപെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും പെൻഷൻ തുക കൈമാറ്റം ചെയ്യപ്പെടുന്നത് ആഭ്യന്തരനിയന്ത്രണ സംവിധാനത്തിലെ പാളിച്ചയാണ്. ആയത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## 1-10 ഗ്രാമ സഭ

2020-21 വർഷം കോവിഡ് പ്രോട്ടോക്കോൾ നിലനിൽക്കുന്നതിനാൽ ഒരു ഗ്രാമസഭ മാത്രമേ ചേർന്നിട്ടുള്ളു. പുതിയ ഭരണ സമിതി അധികാരത്തിൽ വന്നതിന് ശേഷമുള്ള ആദ്യ ഗ്രാമ സഭ 7.2.2021 ൽ കൂടിയിട്ടുണ്ട്.

| തീയതി | അജണ്ട |
|---|---|
| 7.2.2021 | 2020-21 വാർഷിക പദ്ധതി അവലോകനം ,വിവിധ വ്യക്തിഗത ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ,/ സാധൂകരണം. വാർഡ് വികസന സമിതി പുന:സംഘടന, ദേശീയ തൊഴിലുറപ്പ് പദ്ധതി അവലോകനം, ശുചിത്വ ബൈലോ, 2021-22 വാർഷിക പദ്ധതി കരട് അംഗീകരിക്കൽ, ഗ്രാമകം (ഗ്രാമ നൻമ ലക്ഷ്യമാക്കിയുള്ള കുടുംബശ്രീ പരിപാടി) മുതലായവ |

ഗ്രാമ സഭ യോഗത്തിൽ പങ്കെടുക്കുന്നവരിൽ ചിലർ പൂർണ്ണമായ മേൽ വിലാസം ചേർക്കുന്നില്ല . ഗ്രാമ സഭകളിലെ ജന പ്രാതിനിധ്യം നിശ്ചിത ക്വാറം തികയുന്നുണ്ട്. യോഗം അവസാനിച്ചാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും യോഗത്തിൽ പങ്കുടത്തിട്ടുള്ള ജന പ്രതിനിധികളും കൂടാതെ ഗ്രാമസഭ യോഗത്തിൽ പങ്കെടുത്തിട്ടുള്ള 10 പേരുടെയെങ്കിലും ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ കോ ഓർഡിനേറ്ററും യോഗത്തിന്റെ അദ്ധ്യക്ഷനും മാത്രമേ ഒപ്പ് രേഖപ്പെടുത്തുന്നുള്ളൂ.

## 1-11 കമ്മിറ്റി

ആസൂത്രണസമിതി - 2020-21 വാർഷിക പദ്ധതി രൂപീകരണത്തിനായി ആസൂത്രണസമിതി പുനസംഘടിപ്പിച്ചിട്ടില്ല. നിലവിലുള്ള അംഗങ്ങൾ തന്നെ തുടരുന്നതിന് 13.12.2019 ലെ ഭരണസമിതിയുടെ 3/231/19(1) നമ്പർപ്രകാരം തീരുമാനിച്ചിട്ടുണ്ട്. വാർഷിക പദ്ധതി രൂപീകരണത്തിനായിആസൂത്രണ സമിതി 27.12.2019ന് ഒരു യോഗം മാത്രമാണ് ചേർന്നത്. സർക്കാർ ഉത്തരവ് (കൈ) നം157/2019 ത സ്വ ഭ വ 5.12.2019 പ്രകാരം സമയക്രമം പാലിച്ച് പദ്ധതി രൂപീകരിക്കുവാൻ ഭരണസമിതിയോട് ശുപാർശ ചെയ്തിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ്- 2020-21 വാർഷിക പദ്ധതി രൂപീകരണത്തിനായി പുന:സംഘടിപ്പിച്ചിട്ടില്ല., 2020-21 വാർഷിക പദ്ധതി രൂപീകരണത്തിനായി 30.12.2019 ൽ യോഗം ചേർന്നിട്ടുണ്ട്. 2020-21 വർഷം എല്ലാ വർക്കിംഗ് ഗ്രൂപ്പും 5യോഗങ്ങൾ കൂടിയിട്ടുണ്ട് . പുതിയ ഭരണസമിതിയുടെ ആദ്യ യോഗം 27.1.2021 ന് ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനുട്ട്സ് കൃത്യമായി എഴുതുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി നിലവിലുള്ളവർ തന്നെയാണ് തുടരുന്നത്

സ്റ്റിയറിംഗ് കമ്മിറ്റി - പ്രതിമാസ യോഗം കൂടിയിട്ടില്ല. 14.08.2020 ന് പഴയ ഭരണസമിതി അംഗങ്ങളുടെ കമ്മിറ്റിയോഗത്തിന് ശേഷം പുതിയ ഭരണ സമിതി അംഗങ്ങളുടെ സ്റ്റിയറിംഗ് കമ്മിറ്റി യോഗം 18.01.2021 ന് കൂടിയിട്ടുണ്ട്. 11.2.2021 ലെ കമ്മിറ്റി മിനുട്ടസ് എഴുതിയിട്ടില്ല .

നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം - 2020-21 വാർഷിക പദ്ധതി അവലോകനം, 2021-22 വാർഷിക പദ്ധതി രൂപീകരണം എന്നിവയ്ക്കായി യോഗങ്ങൾ കൂടിയിട്ടുണ്ട്. മിനുട്ട്സ് കൃത്യമായി എഴുതിയിട്ടുണ്ട് .

വികസന സെമിനാർ - 2020-21 വാർഷിക പദ്ധതി ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി 1.3.2020ന് യോഗം ചേർന്നിട്ടുണ്ട്. യോഗത്തിൽ 170 പേർ പങ്കെടുത്തിട്ടുണ്ട്

## 1-12 നിഷ്ക്രിയമായ ദുരിതാശ്വാസ നിധി

പേമാരി, വെള്ളപ്പൊക്കം, മറ്റ് പ്രകൃതി ക്ഷോഭങ്ങൾ, മാറാരോഗം മുതലായ കാരണങ്ങളാൽ ദുരിതമനുഭവിക്കുന്ന നിർധനരായവർക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തും ഒരു പ്രമേയം മൂലം, ഗ്രാമ പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്നതിനായി രൂപീകരിച്ച നിധിയാണ് ദുരിതാശ്വാസ നിധി. (2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി

രൂപീകരണവും വിനിയോഗവും). എരഞ്ഞോളി ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം തൻ വർഷം പലിശ മാത്രമേ വരവായിട്ടുള്ളൂ. മറ്റ് വരവും ചെലവും ഒന്നും ഉണ്ടായിട്ടില്ല . പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്കും, കോവിഡുമായി ബന്ധപ്പെട്ടും ജനങ്ങൾ സംഭാവന നൽകുന്നതിനാൽ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ലഭിക്കുന്നില്ല എന്നാണ് ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയത്

മേൽചട്ടങ്ങളിലെ ചട്ടം 4 ഉപചട്ടം (2) പ്രകാരം ദുരിതാശ്വാസ നിധിയ്ക്ക് പ്രസിഡണ്ടും, സെക്രട്ടറിയും, ഗ്രാമ പഞ്ചായത്തിലെ ഒരംഗവും ഉൾപ്പെടുന്ന സബ്കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പ്രസിഡണ്ടും, കൺവീനർ സെക്രട്ടറിയും ആയിരിക്കേണ്ടതുമാണ്. പുതിയ ഭരണ സമിതി സബ്കമ്മിറ്റി പുതുക്കി രൂപീകരിച്ചിട്ടുണ്ട്. അപേക്ഷ ലഭിക്കാത്തതിനാൽ ഇതുവരെ കമ്മിറ്റി യോഗം ചേർന്നിട്ടില്ല .

## 1-13 ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല

29-01-2018 ലെ സർക്കാർ ഉത്തരവിലെ [നമ്പർ (കൈ)11/2018/തസ്വഭവ] ഖണ്ഡിക 6.7 മാർഗ്ഗനിർദ്ദേശപ്രകാരം മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശസ്വയം ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് തയ്യാറാക്കിയിട്ടില്ല

08.11.2018 ൽ പഞ്ചായത്ത് ഡയറക്ടറുടെ സി 2- 15471/18 സർക്കുലറിലെ നിർദ്ദേശാനുസരണം എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കൺവീനറും പ്രസിഡൻറ്/ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനുമായി ഒരു ആസ്തി പരിപാലന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല .

## 1-14 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള കെട്ടിടത്തെ നികുതിയിൽ നിന്ന് ഒഴിവാക്കി

സ.ഉ. (എം.എസ് ) 358/15 തി.16.12.2015 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണമുള്ള എല്ലാ വാസ ഗൃഹങ്ങളേയും 2015-16 സാമ്പത്തിക വർഷം മുതൽ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ വസ്തു നികുതി, ഉപനികുതി എന്നിവ ഒഴിവാക്കിയ കെട്ടിടങ്ങളുടെ വിവരങ്ങൾ, അസസ്സ്മെന്റ് (ഫോറം 6) എന്നിവ പരിശോധിച്ചപ്പോൾ 60 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള ചുവടെ ചേർത്ത കെട്ടിടത്തിന് നികുതി ചുമത്തിയിട്ടില്ലെന്ന് കാണാൻ സാധിച്ചു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | നികുതി ഒഴിവാകാനുള്ള കാരണം |
|---|---|---|---|---|
| 1 | 15/146 | 174 ചതുരശ്ര മീറ്റർ (GF -110 ചതുരശ്ര മീറ്റർ, FF – 64 ചതുരശ്ര മീറ്റർ) | സി വി മാധവൻ | രേഖപ്പെടുത്തിയിട്ടില്ല |

പ്രസ്തുത കെട്ടിടത്തിന് നികുതി ഒഴിവാക്കി നൽകിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

## 1-15 മുൻകാല പ്രാബല്യത്തിൽ നികുതി ഒഴിവാക്കി നൽകി

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ചതുരശ്ര മീറ്റർ (660 ചതുരശ്ര അടി) വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 2015-16 വർഷം മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മുൻകാല പ്രബല്യത്തിൽ നികുതി ഒഴിവാക്കിയിട്ടുണ്ട്. ഉദാഹരണമായി.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | ഇളവ് നൽകിയ കാലയളവ് |
|---|---|---|---|
| 1 | 1/398 | കുരാറ മാധവി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

| | | | |
|---|---|---|---|
| 2 | 3/115 | കണിയാർക്ക രാധ | 2014 ഒന്നാം അർദ്ധ വർഷം മുതൽ |
| 3 | 4/182 | റിജിൽ എം സി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |
| 4 | 5/427 | സി.കെ.കാർത്ത്യായനി | 2013 ഒന്നാം അർദ്ധ വർഷം മുതൽ |

സഞ്ചയ സോഫ്റ്റ്‌വെയറിലെ രേഖപ്പെടുത്തലുകൾ പരിശോധിക്കേണ്ടതും ഇപ്രകാരം മുൻകാല പ്രാബല്യത്തിൽ നികുതി ഇളവ് നൽകിയവ പൂർണ്ണമായും കണ്ടെത്തി അപാകത ഒഴിവാക്കേണ്ടതുമാണ്.

## 1-16 ഒരേ ഉടമസ്ഥന്റെ ഒന്നിലധികം കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചത്

ജി.ഒ(എം.എസ്).358/15/തസ്വഭവ തീ. 16.12.2015 പ്രകാരം 60 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കുകയും കൂടാതെ കുടുംബനാഥന്റെ സ്വന്തം പേരിലുള്ള സ്വന്തം ആവശ്യത്തിനുള്ള ഒരു വാസ ഗൃഹത്തിന് മാത്രമായി ഒഴിവാക്കൽ പരിമിതപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒന്നിൽ കൂടുതൽ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വാർഡ്/ കെട്ടിട.നം | പേര് /വിലാസം | കെട്ടിടത്തിന്റെ വിസ്തീർണം |
|---|---|---|---|
| 1 | 11/100 | ജഗദീശൻ ചെറിയ ചന്ദ്രോത്ത്, ഉഷസ്സ്, പെരുന്താറ്റിൽ പി ഒ, 670107 | 50 ചതുരശ്ര മീറ്റർ |
| | 11/101 | | 30 ചതുരശ്ര മീറ്റർ |
| | 11/102 | | 20 ചതുരശ്ര മീറ്റർ |
| 2 | 6/350A | പാറായി സുരേന്ദ്രൻ, സുനൈന, എരഞ്ഞോളി പി ഒ, 670107 | 9 ചതുരശ്ര മീറ്റർ |
| | 6/355 | | 9 ചതുരശ്ര മീറ്റർ |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (25/20.09.2021) മറുപടിയായി ക്രമ നം. 1 ലെ കെട്ടിടങ്ങളുടെ ഉപയോഗക്രമം വിദ്യാഭ്യാസ ആവശ്യം ആണെന്നും ക്രമ നം. 2 ലെ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം കൂട എന്നാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി ഇളവ് നൽകുന്ന കെട്ടിങ്ങളുടെ വിശദാംശങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുമ്പോൾ ഇളവ് നൽകാനുള്ള കാരണം വ്യക്തമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-17 12 ചതുരശ്ര മീറ്ററിൽ കുറവുള്ള പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ -നടപടികൾ സ്വീകരിക്കേണ്ടത്

സഞ്ചയയിൽ പാർപ്പിടാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ അസസ്മെന്റ്(ഫോറം 6), പരിശോധിച്ചപ്പോൾ 12 ചതുരശ്ര മീറ്റർ വരെ വിസ്തൃതിയുള്ളതും പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ളതുമായ നിരവധി കെട്ടിടങ്ങൾ ഉള്ളതായി കാണാൻ സാധിച്ചു.

എതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) | ഉടമസ്ഥന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 1/14 | 7 | അണിയേരി താറ്റിയോട്ട് ശശിധരൻ |
| 2 | 1/228 | 8 | പാട്ടാറത്ത് ശ്രീദേവി കമലാക്ഷി |
| 3 | 2/194 | 6 | ചെറുവളത്ത് നാരായണി |
| 4 | 4/45 | 8 | സുലേഖ കെ |
| 5 | 8/155 | 7 | പ്രവീൺ ബാലൻ |

ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിക്കേണ്ടതും അവ വാണിജ്യ കെട്ടിടങ്ങളാണെങ്കിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 വിമുക്ത ഭടൻമാരുടെ കെട്ടിട നികുതി ഇളവ്- സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല

സ.ഉ(കൈ) നം.106/2017/തസ്വഭവ തീയതി 26-05-2017 ലെ വ്യവസ്ഥ പ്രകാരം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ നികുതി ഇളവ് അനുവദിക്കാൻ ഓരോ വർഷവും മാർച്ച് 31 ന് മുൻപ് നിശ്ചിത മാതൃകയിൽ സാക്ഷ്യപത്രം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2020-21 വർഷം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിച്ച, ചുവടെ ചേർത്ത കെട്ടിട ഉടമകളിൽ നിന്നും സാക്ഷ്യപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര് |
|---|---|---|
| 1 | 3/4437 | എ കെ മനോഹരൻ, ഷിംന നിവാസ്, |
| 2 | 6/181 | ഷുഹൈബ വി വി, ബൈത്തുൽ നൂര് |
| 3 | 6/169 A | എം ബേബി, മൂർക്കോത്ത് ഹൗസ് |
| 4 | 7/292 | ഇല്ലത്ത് മണക്കാടൻ നാണു, പൊന്ന്യം വെസ്റ്റ് |
| 5 | 7/118 | രാജീവന് കോട്ടായി(കോട്ടായി ഹൗസ് |
| 6 | 8/189 | ഷൈമ കെ, കൊങ്കൻതൊടി |
| 7 | 10/491 | വി കെ ശ്രീവത്സൻ, വാഴയിൽ |
| 8 | 11/81 | കാമ്പിൽ ഗീത, ശാരദ നിവാസ്, |
| 9 | 12/293 | ചേരോട്ട് രാമുനായർ, ചേരോട്ട് താഴെ |
| 10 | 13/216 | ഞാറ്റ്യോല നാരായണി, മാണിക്കോത്ത് മീത്തൽ, |
| 11 | 13/172 | വി ഭാനുമതി, ബാലകൃഷ്ണാലയം |
| 12 | 14/367 | ഓരാങ്കി ശാരദ, കിഴക്കയിൽ ഹൗസ് |
| 13 | 15/77 | എം സുജാത, വാസ് നിവാസ്, |

കൂടാതെ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന രജിസ്റ്റർ പ്രകാരം 2020-21 സാമ്പത്തിക വർഷം വിമുക്ത ഭടൻമാരുടെയും അവരുടെ ഭാര്യമാരുടെയും/വിധവകളുടെയും യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വാസഗൃഹങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി ഇളവ് അനുവദിച്ച മിക്ക കെട്ടിടങ്ങളുടെയും നികുതി ഇളവിനുള്ള കാരണം സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ് വെയറിലും ആവശ്യമായ

രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകൽ - രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ ലഭ്യമാകുന്ന രീതിയിലാണ് കെട്ടിടനിർമ്മാണ പെർമിറ്റ് അപേക്ഷ രജിസ്റ്ററിന്റെ പ്രഫോർമ. എന്നാൽ കെട്ടിടത്തിന്റെ നിർമ്മാണ പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ, കെട്ടിടനമ്പർ നൽകിയതിന്റെ വിവരങ്ങൾ എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. ഇത് കാരണം പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് കെട്ടിട നമ്പർ നൽകി നികുതി ചുമത്തുന്നതിന്റെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ആയതിനാൽ പെർമിറ്റ് കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കുകയോ കാലാവധിക്ക് ശേഷം പെർമിറ്റ് പുതുക്കുകയോ ചെയ്യാത്ത കെട്ടിടങ്ങളെ കണ്ടെത്താൻ സാധിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങൾ വർദ്ധിക്കുന്നതിനും വരുമാന നഷ്ടം ഉണ്ടാകുന്നതിനും ഇത് കാരണമാകുന്നു.

കെട്ടിട നിർമ്മാണത്തിനായുള്ള അപേക്ഷ ലഭിക്കുന്നതു മുതൽ നിർമ്മാണം പൂർത്തിയാക്കി അസ്സസ്സ്മെന്റ് നമ്പർ ചേർക്കുന്നതു വരെയുള്ള വിവരങ്ങൾ കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും അനധികൃത നിർമ്മാണങ്ങൾ വഴി പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-20 ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കു വരുത്തിയതിലെ അപാകതകൾ

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത അപാകങ്ങളുണ്ട്.

A) ഇ എസ് ഐ ഡിസ്പെൻസറി, ചോനാടത്തിലെ രണ്ട് ജീവനക്കാരുടെ 2020-21 ആദ്യ പകുതിയിലെ തൊഴിൽ നികുതി ഈടാക്കിയതിൽ 500 രൂപയുടെ കുറവ് വന്നിട്ടുണ്ട്. കുറവ് വന്ന 500 രൂപ ഈടാക്കേണ്ടതാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പേര് | തസ്തിക | ആകെ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ടിയിരുന്ന തൊഴിൽ നികുതി | ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ശ്രീകല കെ | ക്ലർക്ക് | 1,25,600 | 1000 | 1250 | 250 |
| പ്രിയ എ എ | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് II | 1,26,344 | 1000 | 1250 | 250 |
| ആകെ | | | | | 500 |

B) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-12 തീയതി 16/09/2021) മറുപടിയായി ഇ എസ് ഐ ഡിസ്പെൻസറി, ചോനാടത്തിലെ രണ്ട് ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ സ്ഥാപന നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കി ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

ഇ എസ് ഐ ഡിസ്പെൻസറി, ചോനാടത്തിലെ രണ്ട് ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്ന് സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതിയും കൃത്യമായി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരം കാലികമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിലവിലില്ല. ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 എഫ്.ടി.ഇ & ഒ എസ് ലൈസൻസ് അനുവദിച്ചതിലെ അപാകതകൾ

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ എഫ്.ടി.ഇ & ഒ ലൈസൻസ് ഈടാക്കി തുടങ്ങിയത് 01.04.2018 മുതലാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ യോഗ തീരുമാനത്തിന്റെ പകർപ്പ് സമർപ്പിച്ചിട്ടില്ല. ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത്. ഇത് പ്രകാരം സേവന മേഖലയിലെ സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൂലധന ചെലവ് | ലൈസൻസ് ഫീസ് |
|---|---|
| ഒരു ലക്ഷം വരെ | 100 |
| 1 ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| 2 ലക്ഷം മുതൽ 3 ലക്ഷം വരെ | 300 |
| 3 ലക്ഷം മുതൽ 4 ലക്ഷം വരെ | 400 |
| 4 ലക്ഷം മുതൽ 10 ലക്ഷം വരെ | 500 |

ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ എഫ്.ടി.ഇ & ഒ എസ് ലൈസൻസ് എടുക്കുന്നതിനായി/ പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ട് ഇല്ലാതെ തന്നെ/ അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ തന്നെ ലൈസൻസ് ഫീസ് നിശ്ചയിച്ച് കാണുന്നു. അപേക്ഷകളിൽ മൂലധന നിക്ഷേപം എത്രയെന്ന് രേഖപ്പെടുത്തുന്നില്ലെന്നും ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് എഴുതുകയോ സെക്രട്ടറി അംഗീകരിക്കുകയോ ചെയ്തിട്ടില്ലെന്നും അപാകതകൾ പരിഹരിക്കണമെന്നും 2018-19 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. എന്നാൽ 2020-21 സാമ്പത്തിക വർഷത്തിലും ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ ഇതേ അപാകതകൾ നിലനിൽക്കുന്നതിനാൽ ഓഡിറ്റ് നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നില്ലെന്ന് വ്യക്തമാണ്.

ഫീൽഡ് തല അന്വേഷണ പ്രകാരം കണക്കാക്കിയിട്ടുള്ള മൂലധന നിക്ഷേപവും ആയത് പ്രകാരം നിശ്ചയിച്ചിട്ടുള്ള ലൈസൻസ് ഫീസും അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ലൈസൻസ് ഫീസ് ഭേദഗതി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## 1-22 എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകതകൾ

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിലെ 2020-21 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട തുകയേക്കാൾ കുറവാണ് ഈടാക്കിയിരുന്നതെന്ന് കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സ്ഥാപന ഉടമയുടെ പേര് | സംരംഭം | അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | രസീത് നമ്പർ | പഞ്ചായത്ത് തീരുമാന പ്രകാരം ഈടാക്കേണ്ട ഫീസ് | ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| 36 | സി വസുമതി | സൺ ഷൈൻ പെരുന്താറ്റിൽ | 2.5 ലക്ഷം | 200 | 119080106946 തീയതി | 300 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | 17.02.2020 | | |
| 31 | ടി ദിവാകരൻ | ദിവാകരൻ സ്റ്റോർ | 2.5 ലക്ഷം | 200 | 119080106906 തീയതി 14.02.2020 | 300 | 100 |
| 62 | രമേശൻ പി | മെഹറ് മൊബൈൽ വിൽപ്പന | 2.5 ലക്ഷം | 200 | 119080107035 തീയതി 20.02.2020 | 300 | 100 |
| 75 | കണ്ട്യൻ സുധാകരൻ | മൈക്കോ ഇൻഡസ്ട്രിയൽ കോമ്പണന്റ്സ് | 2.5 ലക്ഷം | 200 | 119080107078 തീയതി 24.02.2020 | 300 | 100 |
| 104 | കിഴക്കേ വീട്ടിൽ ശ്രീജിത്ത് | ടി ജങ്ഷൻ റസ്റ്റോറന്റ് & കാറ്ററിങ് | 3.5 ലക്ഷം | 300 | 119080107156 തീയതി 26.02.2020 | 400 | 100 |
| 351 | ജീവ്ന ടി | ടേസ്റ്റി ഇൻ ഓൾ ബേക്കറി | 5 ലക്ഷം | 300 | 119080101987 തീയതി 16.10.2020 | 500 | 200 |
| ആകെ | | | | | | | 700 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം-5 തീയതി 14/09/2021) മറുപടിയായി മുൻ വർഷത്തെ തുക തന്നെയാണ് ലൈസൻസ് ഫീസായി വാങ്ങിയിരിക്കുന്നതെന്നും കുറവ് വന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കുറവ് വന്ന 700 രൂപ ഈടാക്കേണ്ടതാണ്.

## <u>1-23 മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിലെ അപാകതകൾ</u>

31.10.2017 ന് പ്രാബല്യത്തിൽ വന്ന കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, 2017 ലെ ചട്ടങ്ങൾ 18,19 പ്രകാരം മോട്ടോറുകൾ ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് ഈടാക്കാവുന്ന പരമാവധി മോട്ടോർ റണ്ണിങ് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ എരഞ്ഞോളി ഗ്രാമപഞ്ചായത്തിൽ പരിപാലിച്ച് വരുന്ന ലൈസൻസ് രജിസ്റ്ററിൽ മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയത് രേഖപ്പെടുത്തിയിട്ടില്ല. അപേക്ഷകളിലും പ്രസ്തുത വിവരം രേഖപ്പെടുത്തി കാണുന്നില്ല. മോട്ടോർ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം-14 തീയതി 16/09/2021 മുഖേന ആവശ്യപ്പെട്ടതിനെ തുടർന്ന് ഓഡിറ്റ് എൻക്വയറിയിലെ പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്ന് റണ്ണിങ് ഫീസായി ഈടാക്കേണ്ട തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് റണ്ണിങ് ഫീസ് ഈടാക്കിയതുമായി ബന്ധപ്പെട്ട് അപാകതകൾ കാണാൻ സാധിച്ചു.

| ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | സംരംഭം | വാർഡ്/ കെട്ടിട നമ്പർ | അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മൂലധന നിക്ഷേപം | പഞ്ചായത്ത് തീരുമാന പ്രകാരം മൂലധ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീസ് | സ്ഥാപനത്തിൽ നിന്ന് ആകെ ഈടാക്കിയ ലൈസൻസ് ഫീസ്, രസീത് നമ്പർ | ഉപയോഗിക്കുന്ന മോട്ടോറിന്റെ പവർ | ഈടാക്കേണ്ട മോട്ടോർ റണ്ണിങ് ഫീസ് | സ്ഥാപനത്തിൽ നിന്ന് ആകെ ഈടാക്കിയ മോട്ടോർ റണ്ണിങ് ഫീസ്, രസീത് നമ്പർ | ഈടാക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|---|
| 45 | ഷീജ ഓയിൽ | II/232 | രേഖപ്പെടുത്തിയിട്ടില്ല | - | 300 (119080 107004 | 25 HP | 300 | 200 | 100 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | & ഫ്ലോർ മിൽ | | | | തീയതി 19/02/20) | | | (120080 101834 തീയതി 13/10/20) | |
| 126 | മലബാർ അഗ്രോ ഫുഡ്സ് | VII/502A | 50 ലക്ഷം | 1000 | 1000 (119080 107213 തീയതി 27/02/20 | 198 HP | 2000 | 500 (120080 100987 തീയതി 18/08/20) | 1500 |
| ആകെ | | | | | | | | | 1600 |

മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് മോട്ടോർ റണ്ണിങ് ഫീസ് ഇനത്തിൽ ഈടാക്കാൻ ബാക്കിയുള്ള തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്

മോട്ടോർ ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ചട്ട പ്രകാരമുള്ള റണ്ണിങ് ഫീസ് ഈടാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. റണ്ണിങ് ഫീസ് ഈടാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ പ്രത്യേക രജിസ്റ്ററിലോ ലൈസൻസ് രജിസ്റ്ററിലോ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-24 ഇ-ടെണ്ടർ- ടെണ്ടർ ഫീസ് ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവർത്തികളിലെ ഇ-ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ട് മുഖേനയാണ്. ഇ.ടെണ്ടർ ചെയ്ത പ്രവർത്തികളുടെ ടെണ്ടർ ഫീസ്, ഇ എം ഡി എന്നീ ഇനങ്ങളിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ചെയ്തിരുന്നത്. ആയത് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടുണ്ടോ. നാളിതുവരെയായി ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നമ്പർ-3/13.09.2021) ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ എക്കൗണ്ടിലേക്ക് ലഭിക്കുന്നതിന് മാപ്പിങ് നടത്തിയിട്ടുണ്ടെന്നും അക്കൗണ്ട് വിവരം ലഭിക്കുന്ന മുറയ്ക്ക് അറിയിക്കുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇ എം ഡി ടെണ്ടർ നടപടികൾ പൂർത്തികരിക്കുന്ന മുറക്ക് കരാറുകാരുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതായും അറിയിച്ചിട്ടുണ്ട്. ടെണ്ടർ ഫീസ് തിരികെ ലഭിക്കുവാൻ വേണ്ട തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. തുക ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 IKMന് കോൺട്രിബ്യൂഷൻ നൽകൽ - അപാകതകൾ

| | |
|---|---|
| പദ്ധതി നമ്പർ | 08/21 |
| അടങ്കൽ തുക | 51250 (വികസന ഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് തുക | 51250 |
| Bill No. | 554182/25/9/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | സെക്രട്ടറി എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| പദ്ധതി | IKMന് കോൺട്രിബ്യൂഷൻ നൽകൽ |

പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് 2020-21ൽ IKMന് നൽകാനുള്ള കോൺട്രിബ്യൂഷൻ തുക നൽകാൻ വേണ്ടിയാണ്. മേൽപ്രകാരം തുക IKM ന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തുകയുടെ വിനിയോഗ സർട്ടിഫിക്കറ്റ് IKMൽനിന്നും ലഭ്യമാക്കിയിട്ടില്ല.ആയത് ലഭ്യമാക്കേണ്ടതാണ് .

## 1-26 തെരുവ് വിളക്കിന് ലൈൻ വലിക്കൽ -അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 119/21 |
| | |

| | |
|---|---|
| അടങ്കൽ | 502000( വികസന ഫണ്ട് -പൊതു വിഭാഗം സാധാരണ വിഹിതം ) |
| ചെലവ് തുക | 467393 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | സെക്രട്ടറി -എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| പദ്ധതി : | തെരുവ് വിളക്കിന് ലൈൻ വലിക്കൽ |
| ബിൽ നമ്പർ:1 | 30268/11/4/20 -169123<br>725860/11/11/20- 60706<br>725857/11/11/20-237564 |

പഞ്ചായത്തിൽ തെരുവുവിളക്ക് സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ തെരുവ് വിളക്കിനായി ലൈൻ വലിക്കൽ എന്നുള്ളതാണ് പ്രസ്തുത പദ്ധതി .ഈ പദ്ധതി കെഎസ്ഇബി യുമായി ബന്ധപ്പെട്ട ഒരു ഡെപ്പോസിറ്റ് വർക്ക് ആണ് . പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുമ്പോൾ ഏതു സ്ഥാപനവുമായി ബന്ധപ്പെട്ടാണോ ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നത് ആ സ്ഥാപനവുമായി പ്രവൃത്തി ഏൽപ്പിക്കുന്ന സ്ഥാപനം കരാറിൽ ഏർപ്പെടേണ്ടതാണ് എന്നാൽ ഈ പദ്ധതിയിൽ KSEB യുമായി പഞ്ചായത്ത് യാതൊരുവിധ കരാറിലും ഏർപ്പെട്ടതായി കാണുന്നില്ല. ഇത്തരത്തിൽ കരാറിൽ ഏർപ്പെടാത്തത് ക്രമവിരുദ്ധമാണ്. ആയത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

## 1-27 കൃഷി ഓഫീസർ - പദ്ധതി അവലോകനം

എരഞ്ഞോളി ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 14 പദ്ധതികൾ നടപ്പിലാക്കി. ഇതിൽ വിത്ത്, വളം, തൈകൾ തുടങ്ങിയവ വിതരണം ചെയ്യുന്ന 12 പദ്ധതികളും ഉൾപ്പെടുന്നു ഗുണഭോക്താക്കളെ കൃത്യമായി കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിൽ നിർവഹണ ഉദ്യോഗസ്ഥൻ ഏറെക്കുറെ വിജയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത വർഷം നടപ്പിലാക്കിയ ഒരു പദ്ധതിയിലും വ്യക്തമായ മോണിറ്ററിംഗ് നടന്നിട്ടില്ല. പദ്ധതിയുടെ കൃത്യമായ അവലോകനത്തിൽ മാത്രമേ പദ്ധതിയുടെ ജയപരാജയങ്ങൾ വിലയിരുത്താൻ സാധിക്കുകയുള്ളൂ. പദ്ധതിയുടെ കൃത്യമായ മോണിറ്ററിംഗ് നടത്താത്തത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങളെ വിശകലനം ചെയ്യുന്ന യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും ഓഡിറ്റിൽ ലഭ്യമായിട്ടില്ല പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ.ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതികൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം ചെയ്യുകയും ചെയ്യേണ്ടതുണ്ട്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ ) നം ത സ്വ ഭ വ 11/2018 തീയതി 29.1.2018 ഖ- 13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

## 1-28 വെറ്റിനറി സർജൻ പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം വെറ്റിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി ആകെ10 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ഇതിൽ വളർത്തുമൃഗങ്ങളെ/ പക്ഷികളെ നൽകുന്ന 2 പദ്ധതികളും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികളിൽ വളർത്തു മൃഗങ്ങളുടെ തെരഞ്ഞെടുക്കൽ ആരോഗ്യം തുടങ്ങിയവയിൽ മാത്രമാണ് മോണിറ്ററിംഗ് നടക്കുന്നത്. വളർത്തുമൃഗങ്ങളെ/ പക്ഷികളെ വാങ്ങി നൽകുമ്പോൾ അവയ്ക്ക് വൃത്തിയുള്ള താമസ സൗകര്യം ഉണ്ടോ എന്നുള്ളതും, ഭക്ഷണം കൃത്യമായി ലഭിക്കുന്നുണ്ടോ എന്നുള്ളതും, പ്രസ്തുത പദ്ധതി പ്രകാരം ഓരോ യൂണിറ്റിലും എത്ര ഉൽപാദനം നടന്നു എന്നുള്ളതും പക്ഷിമൃഗാദികളുടെ ആരോഗ്യകരമായ പ്രജനന മൂലം പ്രസ്തുത യൂണിറ്റിൽ എത്രമാത്രം വികസനം ഉണ്ടായി എന്നും മോണിറ്ററിംഗ് നടത്തുന്നതായി കാണുന്നില്ല. ഒരു പദ്ധതിയുടെ പൂർണ വിജയം എന്നത് ആ പദ്ധതിയിൽ നിന്നും വികസനോന്മുഖമായ എന്ത് മാറ്റങ്ങൾ സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ ഉണ്ടായി എന്നുള്ളതാണ്.എന്നാൽ ഇത്തരത്തിലുള്ള മാറ്റങ്ങളെ വിശകലനം ചെയ്യുന്ന യാതൊരുവിധ മോണിറ്ററിംഗ് റിപ്പോർട്ടുകളും ഓഡിറ്റിൽ ലഭ്യമായിട്ടില്ല പദ്ധതികളും അവയുടെ വികസന നേട്ടങ്ങളും വിശകലനം ചെയ്താൽ മാത്രമേ പിന്നീട് വിഭാവനം ചെയ്യുന്ന പദ്ധതികളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തണമെന്നും ഏതു രീതിയിലാണ് പദ്ധതി

നടപ്പിലാക്കണമെന്നും തിരിച്ചറിയാനും ആ രീതിയിൽ പദ്ധതി നടപ്പിലാക്കാനും സാധിക്കുകയുള്ളൂ.ആയതിനാൽ ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ അവ കൃത്യമായി വിശകലനം ചെയ്യുകയും മോണിറ്ററിംഗ് നടത്തുകയും പദ്ധതികൊണ്ട് സാമൂഹ്യ സാമ്പത്തിക അവസ്ഥകളിൽ എന്തൊക്കെ മാറ്റങ്ങൾ ഉണ്ടായി എന്ന് കൃത്യമായി വിശകലനം ചെയ്യുകയും ചെയ്യേണ്ടതാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ ഉ (കൈ ) നം ത സ്വ ഭ വ 11/2018 തീയതി 29.1.2018 ഖ- 13 ൽ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്.ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

## 1-29 എസ് എൻ പുരം കുടിവെള്ള പദ്ധതി പുനരുദ്ധാരണം- പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കേണ്ടതാണ് .

നിർവ്വഹണ ഉദ്യോഗസ്ഥൻ -അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 197/20-21(എസ്എൻപുരം കുടിവെള്ള പദ്ധതി പുനരുദ്ധാരണം) |
| അടങ്കൽ | 500000 (ധനകാര്യ കമ്മിഷൻ അവാർഡ്) |
| ചെലവ്/<br>ബിൽ നമ്പർ /തീയതി | 325302<br>ബിൽ നമ്പർ-56/20.03.2021 |
| കരാറുകാരന്റെ പേര് | യു എം വിനീഷ് കുമാർ |
| കരാർ തുക | 357323, |
| കരാർ തീയതി | AE/LSGD/ERY-03/20-21,22.01.2021 |
| എം.ബുക്ക് നമ്പർ. | 26/2020-2021 |
| ആകെ പ്രവൃത്തി മൂല്യം | 290448 |

മേൽ പദ്ധതി പ്രകാരം കുടിവെള്ള കിണർ പരിസരം, പമ്പ് ഹൗസ്, ടാങ്ക് എന്നിവയുടെ പുനരുദ്ധാരണവും, ചുറ്റുമതിൽ നിർമ്മാണത്തിനുമാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ബിൽ നമ്പർ-56/20.03.2021 പ്രകാരം 3,25,302 രൂപ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇലക്ട്രിഫിക്കേഷനു വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കുകയും , 88,880 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ വൈദ്യുതീകരണം നടത്തി പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. മേൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണം നം.18 /18.09.2021-നുള്ള മറുപടിയിൽ റീ ടെണ്ടറിലാണ് പ്രവൃത്തി ഏറ്റെടുത്തതെന്നും, വൈദ്യുതീകരണം നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്നും ധനകാര്യ കമ്മിഷൻ ഗ്രാന്റ് ചെലവഴിക്കുന്നതിന് സോഫ്റ്റ് വെയറിൽ ചില ക്രമീകരണങ്ങൾ വരുത്തേണ്ടത് കാരണമാണ് തുക ചെലവഴിക്കാൻ സാധിക്കാതെ പോയതെന്നും കുടിവെള്ള പുനരുദ്ധാരണം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയുടെ പൂർത്തീകരണം ഉറപ്പാക്കി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തേണ്ടതാണ്. പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തത്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ: | സെക്രട്ടറി എരഞ്ഞോളി ഗ്രാമപഞ്ചായത്ത് |
| പ്രൊജക്റ്റ് | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ KWA യുടെ |

| | |
|---|---|
| നമ്പർ&പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 127/21 |
| അടങ്കൽ | 1500000( ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 1500000 |
| ബിൽ നം &തീയതി | 162285 തീയതി 10.05.2020 |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ KWA യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയ്ക്കായി KWAയ്ക്ക് 1500000ഡെപ്പോസിറ്റ് നൽകിയിട്ടുണ്ട്. എന്നാൽ KWA തുക വിനിയോഗിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഓഡിറ്റിന് ലഭ്യമായിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്

## 1-31 എയിഡഡ് എൽ പി / യു പി സ്കൂളുകളുകൾക്ക് ടോയിലറ്റ് നിർമ്മാണം -അപാകങ്ങൾ - ₹759960 തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ

1. താഴെ കൊടുത്ത സ്കൂളുകൾക്ക് ടോയിലറ്റ് നിർമ്മിച്ച് നൽകിയിട്ടുണ്ട് .

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ |
|---|---|---|
| പ്രോജക്ട് നമ്പർ/പേര് | 115/20-21 (തൈലീ മുസ്ലീം സ്കൂളിൽ ടോയിലറ്റ് നിർമ്മാണം) സ്പിൽ ഓവർ | 95/2020-2021 എരഞ്ഞോളി വെസ്റ്റ് യു പി സ്കൂളിന് ടോയിലറ്റ് നിർമ്മാണം |
| അടങ്കൽ | 203500 (സംസ്ഥാനാവിഷ്കൃത ഫണ്ട് ) | 300000(ധനകാര്യ കമ്മിഷൻ ഗ്രാന്റ് ) |
| ചെലവ്/ ബിൽ നമ്പർ /തീയതി | 197708 ചെക്ക് നമ്പർ- 012152/22.06.2020 | 270818 ബിൽ നമ്പർ-58/27.03.2021 |
| കരാറുകാരന്റെ പേര് | സുധീർ.കെ | സുധീർ.കെ |
| കരാർ തുക | 178204 , | 267448 |
| കരാർ തീയതി | AE/LSGD/ERY-05/2019-20,15.10.19 | AE/LSGD/ERY-19/20- 21,05.10.2020 |
| എം.ബുക്ക് നമ്പർ. | 32/2020-2021 | 29 /2020-2021 |
| ആകെ പ്രവ്യത്തി മൂല്യം | 176525 | 241802 |

മേൽ പദ്ധതികൾ പ്രകാരം പഞ്ചായത്തിലെ 2 എയിഡഡ് എൽ പി / യു പി സ്കൂളുകളുകൾക്ക് ടോയിലറ്റ് ബ്ലോക്ക്, ക്ലോസറ്റ്, 2 യുറിനലുകളും നിർമ്മിച്ച് നൽകുന്നതിനു വേണ്ടിയാണ് തുക ചെലവഴിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തിന് കൈമാറിക്കിട്ടിയ സർക്കാർ എൽ .പി/ യൂ.പി സ്കൂളുകൾ ഇല്ലത്തതിനാൽ 2എയിഡഡ് സ്കൂളുകൾക്ക് വേണ്ടി നിർമ്മാണ പ്രവൃത്തികൾ നടത്തിയിരിക്കുന്നു .

പദ്ധതി നടപ്പാക്കിയ പ്രസ്തുത സ്കൂളുകളിൽ നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂളുകളുടെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ സമർപ്പിക്കേണ്ടതുണ്ട് എന്നാൽ അപേക്ഷ സമർപ്പിച്ചിട്ടില്ല. എയിഡഡ്

മാനേജ്മെന്റ് സ്കൂളുകളിൽ പശ്ചാത്തല സൗകര്യം ഒരുക്കുമ്പോൾ സ്കൂൾ മാനേജ്മെന്റുമായി കരാർ, സമ്മതപത്രം എന്നിവ ചമയ്ക്കേണ്ടതുണ്ട്. എന്നാൽ കരാർ, സമ്മതപത്രം എന്നിവ ചമയ്ച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 16/ 18.09.2021) മറുപടി ലഭ്യമാക്കിയില്ല. മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ പ്രതിപാദിച്ച അപാകങ്ങൾ കാരണം ₹ 468526 ചെലവ് തടസ്സപ്പെടുത്തുന്നു .

Ii ).

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ/പേര് | 6/2020-21<br>ശ്രീ നാരായണ യു പി സ്കൂൾ ,വടക്കമ്പാട് ന് ടോയിലറ്റ് നിർമ്മാണം. |
| അടങ്കൽ | 300000(ധനകാര്യ കമ്മിഷന് ഗ്രാന്റ് ) |
| ചെലവ്/ ബിൽ നമ്പർ /തീയതി | 291434 (ബിൽ നം-40/20-21, 16.02.2021 ) |
| കരാറുകാരന്റെ പേര് | ഷാജി കുമാർ പി .എ |
| കരാർ തുക | 267599 |
| കരാർ തീയതി | AE/LSGD/ERY-29/2020-2021,02.11.2020 |
| എം.ബുക്ക് നമ്പർ. | 09/2020-2021 |
| ആകെ പ്രവൃത്തി മൂല്യം | 260209 |

മേൽ പദ്ധതി യുടെ ഫയൽ പരിശോധിച്ചതിൽ സ്കൂളിൽ ടോയിലറ്റ് സൗകര്യം അപര്യാപ്തമാണെന്നും നിർമ്മാണ പ്രവർത്തനം നടത്തണം എന്ന് സ്കൂൾ ഉടമസ്ഥരുടെ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലമുള്ള അപേക്ഷ, സമ്മത പത്രം എന്നിവ ലഭ്യമാക്കുന്നതിന് മുമ്പെ പ്രവൃത്തി നടത്തുന്നതിന് കരാർ വെച്ചതായി കാണുന്നു ((AE/LSGD/ERY-29/2020-21,02.11.2021 ). സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവൃത്തിയുടെ ഡിസൈൻ ,പ്ലാൻ എന്നിവ തയ്യാറാക്കണമെന്നിരിക്കേ, പ്ലാൻ, സ്കെച്ച് എന്നിവ സ്കൂളിന്റെ ഉടമസ്ഥർക്ക് അയച്ചുകൊടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവൃത്തി നടത്തേണ്ട സ്ഥലം നിശ്ചയിച്ച് ആയത് പ്രകാരം മാനേജ്മെന്റ് സമ്മതിക്കുകയാണ് ചെയ്തിരിക്കുന്നത്. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 16/18.09.2021) മറുപടി ലഭ്യമാക്കിയില്ല . മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് കരാർ ചമച്ചതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദീകരണത്തിന്റെ അഭാവത്തിൽ 291434 രൂപയുടെ ചേലവ് തടസ്സപ്പെടുത്തുന്നു . രേഖകൾ /വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-32 പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ഡോക്ടർക്ക് വേതനം- രേഖകൾ ലഭ്യമാക്കിയില്ല. 20,800 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 180/21 |
| അടങ്കൽ തുക | 300000(വികസനഫണ്ട്-പൊതു വിഭാഗം -സാധാരണ വിഹിതം ) |
| ചെലവ് തുക | 295800 |
| നിർവ്വഹണ | മെഡിക്കൽഓഫീസർ, പ്രാഥമിക |

| | |
|---|---|
| ഉദ്യോഗസ്ഥൻ: | ആരോഗ്യ കേന്ദ്രം എരഞ്ഞോളി |
| പദ്ധതി | പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ഡോക്ടർക്ക് വേതനം |

എരഞ്ഞോളി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ താൽക്കാലിക ഡോക്ടർക്ക് വേതനം നൽകുന്നതിനാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.പ്രസ്തുത പദ്ധതി പ്രകാരം 9/20 മാസം ഡോക്ടർ അനഘയ്ക്ക് 20,800 രൂപ വേതനമായി നൽകിയിട്ടുണ്ട് (ബിൽ നമ്പർ. 557830/25/9/20) എന്നാൽ താൽക്കാലിക ഡോക്ടർ സേവനം ചെയ്തതിന്റെ കാലാവധി, അറ്റൻഡൻസ് വിവരങ്ങൾ കാണിക്കുന്ന രേഖകൾ, തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ എന്നിവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുമ്പോൾ അവരുടെ അറ്റൻഡൻസ് കാണിക്കുന്ന NMR സൂക്ഷിക്കേണ്ടതാണ് എന്നാൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഇത്തരത്തിലുള്ള രേഖകൾ സൂക്ഷിച്ചതായി കാണുന്നില്ല.
മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ രൂപ 20,800 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നമ്പർ 22/18/9/21) താൽക്കാലിക ഡോക്ടറുടെ അറ്റൻഡൻസ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. പ്രസ്തുത രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്

## 1-33 എസ് എസ് എ വിഹിതം നൽകൽ - 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.എച്ച്.എസ്.എസ് വടക്കുമ്പാട് |
| പ്രോജക്റ്റ് നമ്പർ | 11/21 |
| പ്രോജക്റ്റിന്റെ പേര് | എസ് എസ് എ വിഹിതം നൽകൽ |
| അടങ്കൽ<br>ആകെ | ₹5,00,000 വികസന ഫണ്ട്<br>₹5,00,000 |
| ചെലവ് ബിൽ നം/ തീയതി<br>ആകെ | വൗച്ചർ നം. 22000546 തീയതി 16/09/2020<br>₹5,00,000 |

എസ് എസ് എ യുടെ ആഭിമുഖ്യത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വിദ്യാലയങ്ങളിൽ അക്കാദമിക, അക്കാദമികേതര പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന സമഗ്ര ശിക്ഷ കേരളം പദ്ധതിക്ക് ആവശ്യമായ ഫണ്ടിന്റെ 60% കേന്ദ്ര സർക്കാർ വിഹിതവും 40% സംസ്ഥാന സർക്കാറുകൾ അതാത് പ്രാദേശിക സർക്കാരിൽ നിന്നുള്ള വിഹിതമായി കണ്ടെത്തുകയുമാണ്. ആയതിന്റെ ഭാഗമായി ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിലെ വിവിധ പദ്ധതികളുടെ നിർവഹണത്തിനായി ഗ്രാമ പഞ്ചായത്ത് വിഹിതമായ 5,00,000 രൂപ ജില്ലാ പ്രോജക്റ്റ് ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം. 799012700001800) ഒടുക്കിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പദ്ധതിയുടെ അടങ്കൽ തുകയായ 5 ലക്ഷം രൂപ SSA ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2) 29.01.2018 ലെ സ.ഉ.(കൈ)നം.11/2018ത.സ്വ.ഭ.വ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.6.3 ൽ ഗ്രാമപഞ്ചായത്തുകൾ സർക്കാർ നിശ്ചയിക്കുന്ന തുക എസ്.എസ്.എ. പ്രോജക്ടുകൾക്ക് വകയിരുത്തണമെന്നും ഈ പ്രോജക്ടുകളുടെ വിശദാംശം തയ്യാറാക്കുന്നതിൽ തദ്ദേശഭരണ സ്ഥാപനം അതിന്റെ പങ്ക് വഹിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രോജക്റ്റ് തയാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

3) പഞ്ചായത്ത് പരിധിയിൽ തുക ചെലവഴിച്ച സ്കൂളുകളുടെ വിശദാംശങ്ങൾ ഉൾപ്പെടെ പദ്ധതിയുമായി ബന്ധപ്പെട്ട മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ അന്വേഷണത്തിന് (16/18.08.2021) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 5,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ചു നൽകിയത് - സ്ഥലം ഉടമയുമായി കരാർ ചമച്ചിട്ടില്ല .

2020-2021 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷി, മറ്റ് കൃഷി ആവശ്യങ്ങൾ , എന്നിവയ്ക്ക് ഉപയോഗിക്കാനായി ലക്ഷ്യമിട്ടുകൊണ്ട് താഴെ പറയുന്ന സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ കുളം നിർമ്മിച്ചു നൽകിയിട്ടുണ്ട്.

| പ്രവൃത്തിയുടെ പേര് | വാർഡ് നമ്പർ | വ്യക്തികളുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| വലിയതോട് കുളം നിർമ്മാണം | 16 | പ്രഹീദ് | 103336 | 50705 |
| പെരുന്താറ്റിൽ കുളം നിർമ്മാണം | 4 | വിജയൻ | 41574 | 28416 |

സർക്കുലർ നമ്പർ 14829/DD2/09/LSGD/02.03.09 പ്രകാരം പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് ഗ്രാമപഞ്ചായത്ത് സ്ഥലം ഉടമയുമായി മുദ്ര പത്രത്തിൽ കരാർ വയ്ക്കണം. കരാർ ലംഘനമുണ്ടായാൽ ചെലവ് തുകയുടെ 12% പലിശ സഹിതം സ്ഥലമുടമ തിരിച്ചടയ്ക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം.എന്നാൽ ടി കരാർ ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ 20.09.2021 ലെ 23/2020-2021 നമ്പർ അന്വേഷണത്തിന് ഹാജരാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കൾ മുദ്രപത്രത്തിൽ കരാർ വെക്കാൻ വിമുഖത കാണിച്ച സാഹചര്യത്തിൽ വെള്ള കടലാസിൽ സമ്മത പത്രം എഴുതി വാങ്ങുകയാണ് ചെയ്തതെന്നാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നത്. ഭാവിയിൽ കുളം നിർമ്മാണ പ്രവൃത്തികളിൽ മുദ്രപത്രത്തിൽ കരാർ വെക്കുന്നതായിരിക്കുമെന്നും ഉറപ്പ് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കളുമായി കരാർ വച്ച് പൊതുജനങ്ങൾക്ക് തടസ്സമില്ലാതെ ജലം ഉപയോഗിക്കാമെന്ന് വ്യവസ്ഥ ചെയ്ത് രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## 4-1 വാർഷീക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020- | 10.9.2021, 14.9.2021 | കെ.എസ്.എ/കെ.എൻ.ആർ./ |

| | | |
|---|---|---|
| 21 | | സി.7/1073/21 തീയതിഃ 22.10.2021 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട് | ചെലവ് |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 99,998 | 19/2 1 സാന്ത്വന പരിചരണം | 99,998 |
| ബ്ലോക്ക് പഞ്ചായത്ത് | 12,750 | 35/21 നെൽകൃഷി വികസന പദ്ധതി | 12,750 |
| ബ്ലോക്ക് പഞ്ചായത്ത് | 12,580 | 71/21പച്ചക്കറികൃഷി വികസന പദ്ധതി | 12,580 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 51/21 എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനം ദിന നടത്തിപ്പ് 2020-21 | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 1,00,000 | 93/21 പാലിന് സബ്സിഡി | 1,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2,21,250 | 2/21 ശാരീരികമാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,21,250 |
| ബ്ലോക്ക് പഞ്ചായത്ത് | 20,000 | വിശപ്പ് രഹിത കേരളം -194/21 | 20,000 |
| ജില്ലാ പഞ്ചായത്ത് | 2,00,000 | 19/21 സാന്ത്വന പരിചരണം | 2,00,000 |
| ജില്ലാ പഞ്ചായത്ത് | 4,14,866 | 51/21 എരഞ്ഞോളി ബഡ്സ് റീഹാബിലിറ്റേഷൻ സെൻറർ ദൈനം ദിന നടത്തിപ്പ് | 4,14,866 |
| ജില്ലാ പഞ്ചായത്ത് | 45,960 | 145/21 കരനെൽകൃഷി | 45,960 |
| ജില്ലാ പഞ്ചായത്ത് | 99,999 | 113/21കറവപശുക്കൾക്ക് പാലിന് സബ്സിഡി | 99,999 |
| ജില്ലാ പഞ്ചായത്ത് | 62,500 | 140/21 കന്നുകുട്ടികളെ ദത്തെടുക്കൽ | 62,500 |
| ജില്ലാ പഞ്ചായത്ത് | 1,08,184 | 139/21വീട്ടുവളപ്പിലെ കുളത്തിൽ മത്സ്യകൃഷി | 1,08,184 |
| ജില്ലാ പഞ്ചായത്ത് | 66,206 | 198/21വീട്ടുവളപ്പിൽ ബയോഫ്ലോക്ക് മത്സ്യകൃഷി | 66,206 |
| ജില്ലാ പഞ്ചായത്ത് | 1,96,125 | 2/21 ശാരീരികമാനസീക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 1,96,125 |
| ജില്ലാ പഞ്ചായത്ത് | 2,50,000 | 110/21ആശ്രയ വീട് വാസയോഗ്യമാക്കൽ | 2,50,000 |
| ജില്ലാ പഞ്ചായത്ത് | 15,00,000 | 127/21 പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ KWA | 15,00,000 |

| | | | |
|---|---|---|---|
| | | യുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം മുന്നിരിപ്പിൽ, 185700 ഒഴികെ ബാക്കിയുണ്ടായിരുന്ന തുകയെല്ലാം ചെലവഴിക്കാത്തതിനാൽ തിരിച്ചടച്ചു

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ തീയതി | മുൻകൂർ നൽകിയ തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവായ തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ KWAയുടെ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 162285 തീയതി 10.05.2020 | 15,00,000 | 0 | 15,00,000 |
| കെ എസ് ഇ ബി | തെരുവ് വിളക്കിനായി ലൈൻ വലിക്കൽ -119/21 | 1- 30268 തീ.11/4/20 | 169123 | 169123 | 0 |
| | | 2-725860 തീ.11/11/20 | 60706 | 60706 | |
| | | 3-725857 തീ.11/11/20 | 237564 | 237564 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പ തിരിച്ചടവ്

തൻവർഷം പഞ്ചായത്തിന് വായ്പ ഇനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദ വിവരം താഴെകൊടുക്കുന്നു

| വായ്പ ഇനം | ലഭിച്ച തുക | ഉത്തരവ് | മുൻവർഷാരംഭത്തിൽ തിരിച്ചടക്കാൻ ഉണ്ടായ തുക | ഒടുക്കിയ തുക | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| | | | | തുക | പലിശ | |
| ലൈഫ് ഭവന പദ്ധതി | 880589 | ജിഒ (എംഎസ്)68/2018(തിയ്യതി 18.05.2018) | 6,16,389 | 1,31,647 | 0 | 4,84,742 |

ലൈഫ് ഭവന പദ്ധതി വായ്പ എസ് സി പി യിൽ ജി ഒ പ്രോജക്ട് ചെലവ് 14,627 രൂപ Secured Loans – Loan From K U R D F C എന്ന ഹെഡിൽ ക്രമീകരിച്ചിട്ടില്ല .അപാകം ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് 16.9.2021 ന് ജേണൽ എൻട്രി ചെയ്തിട്ടുണ്ട്

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 18,395 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പേരും | രശിതി നമ്പർ&തിയ്യതി |
|---|---|---|---|---|
| 2017-18 | 3-1 | 2648 | അനിൽകുമാർ എം, അക്കൌണ്ടന്റ് | 120080100247 Dt.11.06.2020 |
| 2018-19 | 1-20 | 11596 | യുകെ വിനീഷ് കുമാർ, കോൺട്രാക്ടർ | 120080100374 Dt.24.06.2020 |
| 2017-18 | 3-1 | 4151 | ഭാസ്കരൻ കെ | 120080103105 Dt.19.11.20 |
| | ആകെ | 18395 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 5,7 | 2003-04 | 3.13.17 | മറ്റ് പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2011-12 | 2-1 | ഗ്രാമസഭ പൊതു അവലോകനം | പരാമർശം നിലനിൽക്കുന്നു |
| 2008-09 | 3-2 | 2011-12 | 2-6 | നിക്ഷേപ പ്രവൃത്തി അനർട്ട് | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.5.2 | ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും | പരാമർശം നിലനിൽക്കുന്നു |
| പ്രവർത്തന അവലോകനം | | 2012-13 | 3.4.13 | ജാഗ്രത മേൽനോട്ട | പരാമർശം നിലനിൽക്കുന്നു |

| | | | | | |
|---|---|---|---|---|---|
| | | | | സമിതികൾ | |
| 2014-15 | 2.2 | 2016-17 | 2 | തൊഴിൽ നികുതി | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ്/സർചാർജ് നടപടി വഴി ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 64332460 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63762568 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,800 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,80,760 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നത് | സർചാർജ് ചെയ്യാവുന്നത് | |
| 1-20 | 500 | ഇല്ല | ശ്രീ. മാത്യു .കെ .എം-, സെക്രട്ടറി |
| 1-22 | 700 | ഇല്ല | ശ്രീ.മാത്യു .കെ .എം - സെക്രട്ടറി |
| 1-23 | 1600 | ഇല്ല | ശ്രീ.മാത്യു .കെ .എം -സെക്രട്ടറി |
| ആകെ | 2800 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-31 (1)<br>1-31(2) | 468526<br>291434 | സന്തോഷ് .പി,<br>( അസിസ്റ്റന്റ് എഞ്ചിനീയർ) |
| 1-32 | 20,800 | ഡോ.ബിജോയ്.സി.പി (മെഡിക്കൽ ഓഫീസർ- പി എച്ച് സി ) |
| 1-33 | 5,00,000 | പ്രേമരാജൻ പി വി<br>(ഹെഡ് മാസ്റ്റർ) |
| ആകെ | 1280760 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേര് | ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ. മാത്യു .കെ .എം–, സെക്രട്ടറി | സെക്രട്ടറി ചിറ്റാരിപറമ്പ് ഗ്രാമ പഞ്ചായത്ത് | കാരിക്കാട്ടിൽ ഹൗസ് , ചുങ്കം –എരഞ്ഞോളി |
| ശ്രീ.സന്തോഷ് .പി | അസിസ്റ്റന്റ് എഞ്ചിനീയർ എരഞ്ഞോളി ഗ്രാമ പഞ്ചായത്ത് | പുനത്തുമ്മൽ ഹൗസ്, കരിയാട്സൗത്ത് (പി ഒ) |
| ഡോ.ബിജോയ്.സി.പി | മെഡിക്കൽ ഓഫീസർ- പി എച്ച് സി -എരഞ്ഞോളി | എടന്നൂർ, കുറിച്ചിയിൽ പി ഒ, തലശ്ശേരി |
| ശ്രീ.പ്രേമരാജൻ പി വി | ഹെഡ് മാസ്റ്റർ,<br>ബ്രണ്ണൻ ഹയർ സെക്കണ്ടറി സ്കൂൾ, തലശ്ശേരി | സൗപർണ്ണിക, പൂക്കോം, പാനൂർ പിഒ |

## 4-11 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക 2,674 രൂപ താഴെ കൊടുത്ത പ്രകാരം തിരിച്ചടച്ചിട്ടുണ്ട്

| ക്രമ നം | ഓഡിറ്റ് എൻക്വയറി നം&തീയതി | വിഷയം | തുക | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 1 | 14/16.09.21 | മോട്ടോർ റണ്ണിങ്ങ് ഫീസ് | 1500 | വിവിധ രശീതികൾ പ്രകാരം |
| 2 | 19/18.09.21 | ബിൽഡിങ് പെർമിറ്റ് ഫീസ് | 1174 | 121080101274/20.09.2021; 543<br>121080101273/20.09.2021; 631 |
| ആകെ | | | 2674 | |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1999-00 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 1 | |
| 1999-00 (പദ്ധതി വിഹിതം ) | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 3 | |
| 2002-03 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 1 | |
| 2003-04 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 2 | |
| 2007-08 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 3 | |
| 2008-09 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 3 | |
| 2009-10, 2010-11, 2011-12 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 1 | |
| 2013-14, 2014-15 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 1 | |
| 2015-16 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 2 | |
| 2016-17 | കെ എസ് എ /കെ എൻ ആർ / സി 7/776/2019 തീയതി 14.06.2019 | 5 | |
| 2017-18 | കെ എസ് എ /കെ എൻ ആർ / സി 7/18/2019 തീയതി 01.08.2019 | 12 | |
| 2018-19 | കെ എസ് എ /കെ എൻ ആർ / സി 7/106/2020 തീയതി 27.07.2020 | 18 | |
| 2019-20 | കെ.എസ്.എ /കെ.എൻ.ആർ / സി.7/1072/2021 , തീയതി | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കണ്ണൂർ ജില്ലയിലെ എരഞ്ഞോളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annex3-1

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Eranholi Grama Panchayat RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19273888.28 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1976940.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1400.00 |
| 140000000 | Fees & User Charges | RP-4 | 987157.00 |
| 150000000 | Sale & Hire Charges | RP-5 | 143135.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49930328.00 |
| 171000000 | Interest Earned | RP-9 | 489495.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6222660.00 |
| 340000000 | Deposits Received | RP-34 | 35215.00 |
| 350000000 | Other Liabilities | RP-36 | 108090.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 73849.00 |
| | Non Operating | | |
| 311000000 | Earmarked Funds | RP-29 | 1799.00 |
| 340000000 | Deposits Received | RP-34 | 100400.00 |
| 350000000 | Other Liabilities | RP-36 | 388966.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3827986.00 |
| 460000000 | Loans, Advances and Deposits | RP-47 | 45040.00 |
| | Grand total | | 83606348.28 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2101678.00 |
| 220000000 | Administrative Expenses | RP-12 | 928663.00 |
| 230000000 | Operations & Maintenance | RP-13 | 1778184.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4189987.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 12251296.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 3254112.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 989629.00 |
| | | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 817720.00 |
| 255000000 | Maintenance Projects | RP-20 | 7771090.00 |
| 280000000 | Prior Period item | RP-26 | -14585.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1014922.00 |
| | | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-34 | 33215.00 |
| 350000000 | Other Liabilities | RP-36 | 5045068.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 463.00 |
| 280000000 | Prior Period Item | RP-26 | -37570.00 |
| 340000000 | Deposits Received | RP-34 | 4000.00 |
| 350000000 | Other Liabilities | RP-36 | 2039276.00 |
| 410000000 | Fixed Assets | RP-38 | 14835954.00 |
| 412000000 | Capital work in Progress | RP-40 | 467393.00 |
| 420000000 | Investments | RP-41 | 0.0 |
| 430000000 | Stock-in-hand | RP-42 | 0.0 |
| 431000000 | Sundry Debtors (Receivables) | RP-43 | 5500232.00 |
| 460000000 | Loans, Advances and Deposits | RP-47 | 791841.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 19820442.28 |
| Cash | Cash | RP-40(b) | 23338.00 |
| | Grand Total | | 83606348.28 |

## Annex3-2

## ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻ്റ്

| Eranholi Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5776148.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1400.00 |
| 140000000 | Fee & User Charges | I-4(b) | 1335381.00 |
| 150000000 | Sale & Hire Charges | I-5(b) | 146235.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 127634027.00 |
| 171000000 | Interest Earned | I-8 | 489495.00 |
| 180000000 | Other Income | I-9 | 108000.00 |
| | Total Income | | 135490686.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10875261.00 |
| 220000000 | Administrative Expenses | I-11(b) | 1076991.00 |
| 230000000 | Operations & Maintenance | I-12(b) | 1821416.00 |
| 240000000 | Interest & Finance Charges | I-13 | 463.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 5692140.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 24249067.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 3254112.00 |
| | | | |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 989629.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 60774720.00 |
| 255000000 | Maintenance Projects | I-14(e) | 7806358.00 |
| 272000000 | Depreciation | I-17(a) | 7810434.00 |
| | Total Expenditure | | 124350591.00 |
| | Gross Surplus/ Deficit of income over Expenditure | | 11140095.00 |
| 280000000 | Prior Period Item | I-18 | -1542011.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 12682106.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## Annex3-3

## ബാലൻസ് ഷീറ്റ്

| Eranholi Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 27072017.19 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 46311.00 |
| 312000000 | Reserves | B-3 | 37026761.00 |
| | Total Reserve & Surplus | | 64145089.19 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3821333.09 |
| | Total Grants, Contributions for Specific Purposes | | 3821333.09 |
| | Loans | | |
| 330000000 | Secured Loans | B-5 | 484742.00 |
| | Total Loans | | 484742.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 181895.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2267817.00 |
| | Total Current Liabilities and Provisions | | 2449712.00 |
| | TOTAL LIABILITIES | | 70900876.28 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 73219243.00 |
| 411000000 | Accumulated Depreciation | B-11 | -28623731.00 |
| 412000000 | Capital Work in Progress | B-11(a) | 414765.00 |
| | Total Fixed Assets | | 45010277.00 |
| | Investments | | |

| | | | |
|---|---|---|---|
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5503661.00 |
| 450000000 | Cash and Bank Balance | B-17 | 19843780.28 |
| | | | |
| 460000000 | Loans, Advances and Deposits | B-18 | 543158.00 |
| | Total Current Assets, Loans and Advances | | 25890599.28 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 70900876.28 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.